# പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 388 — 19/10/2016-ലെ മറുപടിയ്ക്ക്

## ധന്വന്തരി സ്ഥാപനങ്ങളുടെ പ്രവർത്തനം

| ചോദ്യം<br>ശ്രീ.ബി.സത്യൻ<br>ശ്രീ. പി. ഉണ്ണി<br>ശ്രീ. ജോർജ് എം. തോമസ്<br>ശ്രീ. മുരളി പെരുനെല്ലി | | ഉത്തരം<br>ശ്രീ.എ.കെ. ബാലൻ<br>പട്ടികജാതി- പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി | |
|---|---|---|---|
| (എ) | പട്ടികജാതിയിൽപ്പെട്ടവർക്ക് തൊഴിൽ ലഭ്യമാക്കുക എന്ന ഉദ്യേശ്യത്തോടെ പ്രവർത്തിക്കുന്ന 'ധന്വന്തരി' സ്ഥാപനങ്ങളുടെ പ്രവർത്തനം പരിശോധിച്ചിട്ടുണ്ടോ ; വിശദാംശം അറിയിക്കുമോ; | (എ) | ജില്ലാ തലത്തിൽ ജില്ലാ കളക്ടർ ചെയർമാനും, കാലാകാലങ്ങളിൽ ജില്ലാ കളക്ടർ തീരുമാനിക്കുന്ന ഒരു ഉദ്യോഗസ്ഥൻ സെക്രട്ടറിയും , ആരോഗ്യം, പട്ടികജാതി വികസനം, ആസൂത്രണം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരടങ്ങുന്ന ഭരണ സമിതിയുമാണ് ധന്വന്തരി കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നത്. നിലവിൽ തിരുവനന്തപുരം, കൊല്ലം, കോട്ടയം, എറണാകുളം കാസർഗോഡ് എന്നീ ജില്ലകളിൽ ധന്വന്തരി കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നു. ഈ കേന്ദ്രങ്ങളിൽ ഭൂരിഭാഗം പട്ടിജാതിക്കാരും നിർദ്ധനരായ മറ്റ് വിഭാഗക്കാരുമാണ് ജോലി ചെയ്തു വരുന്നത്. |
| (ബി) | ഈ സ്ഥാപനങ്ങൾക്കായി സർക്കാർ നൽകിവരുന്ന സഹായങ്ങൾ എന്തൊക്കെയെന്ന് അറിയിക്കുമോ; | (ബി) | ധന്വന്തരി കേന്ദ്രങ്ങളുടെ പ്രവർത്തിനായി ഫണ്ട് അനുവദിക്കുന്നതിന് വകുപ്പു തലത്തിൽ പ്രത്യേക പദ്ധതി നിലവില്ല. ധന്വന്തരി കേന്ദ്രങ്ങളുടെ പ്രവർത്തനം മൂലമുണ്ടാകുന്ന ഫണ്ട് വിനിയോഗിച്ചാണ് കേന്ദ്രത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ നടത്തപ്പെടുന്നത് . **എന്നാൽ ചില ജില്ലകളിൽ ജില്ലാ** കളക്ടർ മെമ്പർ സെക്രട്ടറിയും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനുമായ ജില്ലാതല കമ്മിറ്റി പ്രത്യേക ഘടക പദ്ധതിയുള്ള പ്രത്യേക കേന്ദ്ര ധനസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി ധന്വന്തരി കേന്ദ്രങ്ങളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന് ഫണ്ട് അനുവദിക്കുന്നുണ്ട്. |
| (സി) | ഇവയുടെ പ്രവർത്തനത്തിൽ സർക്കാരിനുള്ള നിയന്ത്രണങ്ങൾ എന്തൊക്കെയാണ്; | (സി) | ജില്ലാ കളക്ടർ അധ്യക്ഷനും, പട്ടികജാതി വികസനം ഉൾപ്പെടെയുള്ള വകുപ്പുകളിലെ ജില്ലാതല ഉദ്യോഗസ്ഥർ അംഗങ്ങളുമായുള്ള ജില്ലാതല കമ്മിറ്റിയുമാണ് ധന്വന്തരി കേന്ദ്രങ്ങൾ നിലവിലുള്ള ജില്ലകളിൽ പ്രസ്തുത കേന്ദ്രങ്ങളുടെ പ്രവർത്തനം നിയന്ത്രിക്കുന്നത്. |
| (ഡി) | ഈ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുവെന്ന് ഉറപ്പാക്കാനായി സർക്കാരിന് എന്തെല്ലാം കാര്യങ്ങൾ ചെയ്യാൻ സാധിക്കുമെന്ന് അറിയിക്കുമോ? | (ഡി) | കളക്ടർ ചെയർമാനായ ജില്ലാതല കമ്മിറ്റിയ്ക്ക് ഇതു സംബന്ധിച്ച് നിർദ്ദേശം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ